**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5645** **03-11-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൈവശസ്ഥലവും താമസസ്ഥലവും വ്യത്യസ്ത തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായതിനാൽ തൊഴിലുറപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കാത്തത് കാരണം കർഷകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, പട്ടിക 1 ഖണ്ഡിക 5-ൽ ഉൾപ്പെട്ട് വരുന്ന കുടുംബങ്ങളുടെ ഭൂമിയിലാണ് തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിക്കുന്നത്. ഇപ്രകാരം ഒരു പുരയിടത്തിൽ പ്രവൃത്തി ചെയ്യുമ്പോൾ ടി ഭൂവുടമയ്ക്ക് തൊഴിൽ കാർഡ് ഉണ്ടാകണമെന്നും ടി കുടുംബത്തിലെ ഒരംഗം തൊഴിൽ ചെയ്യണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ തൊഴിൽ കാർഡ് ഒരു പഞ്ചായത്തിലും ഭൂമി മറ്റൊരു പഞ്ചായത്തിലും ആകുന്ന അവസരത്തിൽ നിയമത്തിലെ ടി വ്യവസ്ഥ പാലിക്കാൻ സാധിക്കില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി ആവശ്യമാണ്. |
| (ബി) | പ്രസ്തുത കാരണങ്ങളാൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005, പട്ടിക 1 ഖണ്ഡിക 5-ൽ ഉൾപ്പെട്ട് വരുന്ന കുടുംബങ്ങളുടെ ഭൂമിയിലാണ് തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിക്കുന്നത്. ഇപ്രകാരം ഒരു പുരയിടത്തിൽ പ്രവൃത്തി ചെയ്യുമ്പോൾ ടി ഭൂവുടമയ്ക്ക് തൊഴിൽ കാർഡ് ഉണ്ടാകണമെന്നും ടി കുടുംബത്തിലെ ഒരംഗം തൊഴിൽ ചെയ്യണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ തൊഴിൽ കാർഡ് ഒരു പഞ്ചായത്തിലും ഭൂമി മറ്റൊരു പഞ്ചായത്തിലും ആകുന്ന അവസരത്തിൽ നിയമത്തിലെ ടി വ്യവസ്ഥ പാലിക്കാൻ സാധിക്കില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ